5. മോട്ടോർ വാഹന വകുപ്പിൽ സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ക്ലറിക്കൽ ജീവനക്കാർ എന്നിവരെ നിയമിക്കുക.

6. എല്ലാ ജില്ലകളിലും ഡ്രൈവർ ട്രെയിനിംഗ് സ്കൂളുകൾ സ്ഥാപിക്കുക.

7. നന്നായി ജോലി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുകയും മോശമായി ജോലി ചെയ്യുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

(സി) ഉണ്ട്.

(ഡി) രണ്ട് വീതം.

(ഇ) എണ്ണം വ്യക്തമാക്കിയിട്ടില്ല.

(എഫ്) (1) കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(2) 5 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 3 പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും രൂപീകരിക്കുവാനും അതുവഴി 101 തസ്തികകൾ (മിനിസ്റ്റീരിയൽ എക്സിക്യൂട്ടീവ് വിഭാഗങ്ങളിൽ) സൃഷ്ടിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(3) ഫീൽഡ് വർക്ക് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ മേലുള്ള കോടതിയലക്ഷ്യക്കേസുകൾ

29 (1585) ശ്രീ. പി. ജെ. ജോയി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതുസംബന്ധിച്ച് കോടതി ഉത്തരവ് പാലിക്കാതിരുന്നതിന്റെ പേരിൽ 2000-ാംമാണ്ടിൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ മേൽ എത്ര കോടതിയലക്ഷ്യകേസുകൾ ഉണ്ടായി ;

(ബി) ഈ കേസുകളെ സംബന്ധിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തു തുക വേണ്ടിവരും ;

(സി) എന്നുമുതലുള്ള പെൻഷൻ, ആനുകൂല്യങ്ങളാണ് ഈ കേസ് പ്രകാരം കൊടുക്കേണ്ടത് ;

(ഡി) ഇതിൽ എന്തു തുക ഇതുവരെ കൊടുക്കാൻ കഴിഞ്ഞു ;

(ഇ) പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 69 കോടതി അലക്ഷ്യകേസുകൾ ഉണ്ടായി.

(ബി) 1,81,29,333 രൂപ.

(സി) 1-3-1997 മുതൽ.

(ഡി) മുഴുവൻ കൊടുത്തു കഴിഞ്ഞു.

(ഇ) സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ്. കോടതി ഉത്തരവനുസരിച്ചുള്ള മുഴുവൻ തുകയും കൊടുത്തു കഴിഞ്ഞു.

വർക്കലയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

30 (1586) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കലയിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ആവശ്യമുള്ള സ്ഥലം നൽകിയാൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വർക്കലയിൽ ആരംഭിക്കുന്നതിന് അനുവാദം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കലയിൽ നിന്നും 20 കി. മീറ്റർ അകലത്തിൽ ആറ്റിങ്ങൽ ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃത മേഖല അല്ലാത്തതിനാൽ ഇവിടെ ഒരു ഡിപ്പോ തുടങ്ങുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമാകുകയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ചിറക്കരയിലേക്ക് ബസ് മുടങ്ങുന്നതായി പരാതി

31 (1587) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ കൊല്ലം ഡിപ്പോയിൽ നിന്നും കല്ലുവാതുക്കൽ വഴി ചിറക്കരയിലേക്ക് സർവ്വീസ് നടത്തിവന്നിരുന്ന രണ്ട് സർവ്വീസുകൾ ഇപ്പോൾ പതിവായി ട്രിപ്പ് മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) എത്ര ബസ് സർവ്വീസുകളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly